**മേലെഴുത്ത് നം.C4/2503/20/DTE (ACA) തീയതി. 10-09-2025**

സർക്കാർ ഉത്തരവിൻറെ പകർപ്പ് അറിവിലേക്കും തുടർ നടപടികൾക്കുമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

**Shibu R S**
**DEPUTY DIRECTOR GENERAL**

Signed by
Shibu R S
Date: 10-09-2025 21:38:02

പകർപ്പ്

1. ജോയിൻറ് ഡയറക്ടർ
   സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിങ് ആൻഡ് റിസർച്ച്
   കളമശ്ശേരി, എറണാകുളം
2. ജോയിൻറ് ഡയറക്ടർ
   സാങ്കേതിക വിദ്യാഭ്യാസ മേഖല കാര്യാലയം, കോതമംഗലം/കോഴിക്കോട്
3. GIFD സ്ഥാപന മേധാവികൾ (www.dtekerala.gov.in മുഖേന)

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സാങ്കേതികം - ജയിൽ വകുപ്പിലെ ജൂനിയർ ഇൻസ്ട്രക്ടർ ടെയിലറിംഗ് ആൻഡ് ഗാർമെന്റ് മേക്കിംഗ്, ടെയിലറിംഗ് ഇൻസ്ട്രക്ടർ തസ്തിക - ഉയർന്ന യോഗ്യത- പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പ്

സ.ഉ.(സാധാ) നം.1080/2025/HEDN തീയതി,തിരുവനന്തപുരം, 11-08-2025

---

പരാമർശം:- 1. സ.ഉ.(സാധാ) നം.1451/2024/ഉ.വി.വ തീയതി 21.11.2024.

2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 07.02.2025 ലെ സി4/2503/20/ഡി.ടി.ഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ജയിൽ വകുപ്പിലെ ജൂനിയർ ഇൻസ്ട്രക്ടർ ടെയിലറിംഗ് ആൻഡ് ഗാർമെന്റ് മേക്കിംഗ്, ടെയിലറിംഗ് ഇൻസ്ട്രക്ടർ തസ്തികകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനെ നിയമനം നടത്തുന്നതിനുള്ള യോഗ്യതായായി കെ.ജി.ടി.ഇ നടത്തുന്ന ഗ്രൂപ്പ് സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ നീഡിൽ വർക്ക് ആൻഡ് ഡ്രസ് മേക്കിംഗ് (ഹയർ), ഗ്രൂപ്പ് സർട്ടിഫിക്കറ്റ് ഇൻ ടൈലറിംഗ് (ഹയർ) കോഴ്സുകൾ അടിസ്ഥാന യോഗ്യതയായി അംഗീകരിച്ചിട്ടുണ്ട്. ടി കോഴ്സുകളുടെ ഉയർന്ന യോഗ്യതയായി കണ്ണൂർ സർവ്വകലാശാല നടത്തുന്ന ബി.എസ്.സി ഇൻ ഫാഷൻ & അപ്പാരൽ ഡിസൈനിംഗ് ടെക്നോളജി (BSc.FADT) കോഴ്സ് അംഗീകരിച്ച് പരാമർശം (1) ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിരുന്നു.

2. എന്നാൽ പ്രസ്തുത കോഴ്സുകളുടെ പാഠ്യപദ്ധതി തമ്മിൽ താരതമ്യ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ കെ.ജി.ടി.ഇ കോഴ്സുകളുടെ ഉയർന്ന യോഗ്യതയായി ബി.എസ്.സി ഇൻ ഫാഷൻ & അപ്പാരൽ ഡിസൈനിംഗ് ടെക്നോളജി കണക്കാക്കുവാൻ സാധിക്കുകയില്ല എന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ അഭിപ്രായം കണക്കിലെടുത്ത് കണ്ണൂർ സർവ്വകലാശാല നടത്തി വരുന്ന ബി.എസ്.സി ഫാഷൻ & അപ്പാരൽ ഡിസൈനിംഗ് കോഴ്സിനെ കെ.ജി.ടി.ഇ നടത്തുന്ന ഗ്രൂപ്പ് സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ നീഡിൽ വർക്ക് ആൻഡ് ഡ്രസ് മേക്കിംഗ് (ഹയർ), ഗ്രൂപ്പ് സർട്ടിഫിക്കറ്റ് ഇൻ ടൈലറിംഗ് (ഹയർ) കോഴ്സുകളുടെ ഉയർന്ന യോഗ്യതായി പ്രഖ്യാപിച്ച പരാമർശം 1 ഉത്തരവ് റദ്ദ് ചെയ്യുന്നു. റദ്ദാക്കലിന് ഈ ഉത്തരവ് തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജേഷ് എം

ജോയിന്റ് സെക്രട്ടറി

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ബന്ധപ്പെട്ട പ്രിൻസിപ്പൽമാർക്ക് (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മുഖേനെ)

ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

www.highereducation.kerala.gov.in

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്/(L2/53/2025).

ഉത്തരവിൻ പ്രകാരം

Signed by Geetha Lekshmi. G

സെക്ഷൻ ഓഫീസർ

Date: 11-08-2025 13:08:33